ഉത്തരം

(എ) 1998-ൽ വ്യവസായ കോംപ്രിഹെൻസീവ് മാർക്കറ്റിംഗ് ക്യാംപയിനുവേണ്ടി കെ.എസ്.ഐ.ഡി.സി.യുടെ അഡ്വർടൈസ്മെന്റ് പാനലിൽ നിന്ന് 5 ഏജൻസികളെ അവരുടെ പ്രസന്റേഷൻ നടത്തിയതിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുകയുണ്ടായി.

(ബി)&(സി) 1. ഡി.സി.സി. കമ്മ്യൂണിക്കേഷൻസ് - 24,180 രൂപ
2. സ്റ്റാർക്ക് കമ്മ്യൂണിക്കേഷൻസ് - 2,19,090 രൂപ
3. ചിർസാലിസ് കമ്മ്യൂണിക്കേഷൻസ് - 1,55,155 രൂപ
4. മീഡിയമേറ്റ് - 3,43,704 രൂപ
5. ട്രാൻസ്വേൾഡ് കമ്മ്യൂണിക്കേഷൻസ് - 72,540 രൂപ

(ഡി) ഇതു സംബന്ധിച്ച് കൊച്ചിൻ അഡ്വർടൈസിംഗ് ക്ലബ്ബ്, തിരുവനന്തപുരത്തു മാത്രമുള്ള ചില ഏജൻസികളെ തെരഞ്ഞെടുത്തു എന്ന പരാതി ഉന്നയിച്ചിട്ടുണ്ട്.

20 (2168) ടെൽക്കിന്റെ പുരോഗതിക്കായി നടപടി

ശ്രീ. പി. രാജു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ അങ്കമാലിയിലെ ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരള ബി.ഐ.എഫ്.ആർ. റഫർ ചെയ്തോ; റഫർ ചെയ്യാതിരിക്കുവാൻ സർക്കാരും മാനേജ്മെന്റും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) ടെൽക്കിന്റെ പുരോഗതിക്കായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(സി) ടെൽക്കിലെ ലാഭനഷ്ടങ്ങളുടെ കഴിഞ്ഞ 5 വർഷത്തെ കണക്ക് വ്യക്തമാക്കാമോ;

(ഡി) ടെൽക്കിലെ പ്രോഡക്ട് ഡൈവേഴ്സിഫിക്കേഷന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ഇ) ടെൽക്കിനു നിലവിൽ വിദേശ ഓർഡർ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എവിടെനിന്ന് എത്ര കോടി രൂപയുടെ ഓർഡർ ആണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ടെൽക്ക് ലിമിറ്റഡ് 1995-ൽ ബി.ഐ.എഫ്.ആർ-ൽ റഫർ ചെയ്തിട്ടുണ്ട്.

(ബി) ടെൽക്കിന്റെ പുനരുദ്ധാരണത്തിനായി 31-12-97-ൽ ബി.ഐ.എഫ്.ആർ. അംഗീകരിച്ച പുനരുദ്ധാരണപദ്ധതി പ്രകാരം ധനകാര്യസ്ഥാപനങ്ങൾക്കുള്ള കുടിശ്ശിക നൽകാനായി സംസ്ഥാന സർക്കാർ കമ്പനിക്ക് 12.62 കോടി രൂപ (1997-98, 1998-99 വർഷങ്ങളിൽ) നൽകി. ഇതുകൂടാതെ വിൽപന നികുതി കുടിശ്ശികയായ 12.20 കോടി രൂപയും, സർക്കാരിന് നൽകേണ്ട

LIBRARY ARCHIVES Kerala Legislative Assembly

ഗ്യാരണ്ടി കമ്മീഷൻ കുടിശ്ശിക തുകയായ 405 ലക്ഷം രൂപയും, പ്രസ്തുത പുനരുദ്ധാരണ പദ്ധതിയുടെ കാലയളവിൽ, കമ്പനി തിരിച്ചടയ്ക്കുന്നത് മാറ്റി വച്ചിട്ടുണ്ട്. ഇതിനുപുറമെ 1999-ൽ കമ്പനിക്ക് പ്രവർത്തന മൂലധനമായി ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിൽനിന്നും 4 കോടി രൂപ ഹ്രസ്വകാല വായ്പയായും, കേരള ഇൻഡസ്ട്രിയൽ റിവൈറ്റലൈസേഷൻ ഫണ്ടിൽ (കെ.ഐ.ആർ.എഫ്.) നിന്നും 10 കോടി രൂപയും സർക്കാർ കമ്പനിക്ക് ലഭ്യമാക്കിയിട്ടുണ്ട്.

(സി) രൂപ ലക്ഷത്തിൽ

1994-95 ലാഭം 669

1995-96 ലാഭം 260

1996-97 ലാഭം 168

1997-98 ലാഭം 169

1998-99 നഷ്ടം 1099 (ഓഡിറ്റിനു വിധേയം)

(ഡി) ഇല്ല.

(ഇ) ഉണ്ട്. ഒമാനിൽ നിന്നും 4,76,000 യു.എസ്. ഡോളറിനുള്ള ഓർഡർ ലഭിച്ചിട്ടുണ്ട്.

21 (2169) മേച്ചിൽ ഓട് നിർമ്മാണ വ്യവസായം

ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. വി. ബാലറാം :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. കെ.സി. വേണുഗോപാൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മേച്ചിൽ ഓട് നിർമ്മാണവ്യവസായം പ്രതിസന്ധി നേരിടുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കാർ കമ്മിറ്റിയെ നിയോഗിച്ചിരുന്നുവോ; എങ്കിൽ ആരെയെല്ലാമാണ് നിയമിച്ചത്;

(സി) ഈ കമ്മിറ്റി റിപ്പോർട്ട് നൽകിയോ എങ്കിൽ എന്നാണ് റിപ്പോർട്ട് നൽകിയതെന്ന് വെളിപ്പെടുത്തുമോ;

(ഡി) റിപ്പോർട്ട് ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ; റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തൊക്കെയാണ്;

(ഇ) ഈ ശുപാർശകൾ നടപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(എഫ്) മേച്ചിൽ ഓട് നിർമ്മാണ വ്യവസായത്തെയും അതിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികളെയും രക്ഷിക്കാൻ എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly